**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3550** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ, കാസർഗോഡുള്ള കേരള കേന്ദ്ര സർവ്വകലാശാലയിലും കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) യിലും നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കാൻ NCTE അനുമതി നൽകിയിട്ടുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ഇതിലേയ്ക്ക് NCTE മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിച്ചിട്ടില്ലെങ്കിൽ അത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിന് NCTE പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് അവലംബമാക്കുന്നത്. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മൾട്ടി ഡിസിപ്ലിനറി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമേ നാലുവർഷ ഇൻറഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് നാലുവർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കരിക്കുലവും മറ്റ് നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് ശ്രീ. മോഹൻ ബി.മേനോൻ അധ്യക്ഷനായ ഒരു സമിതിയെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയുണ്ടായി. സമിതിയുടെ ശുപാർശ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (സി) | ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് അറിയിക്കാമോ? | (സി) | (ബി) - യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ